**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവണ്ടി പദ്ധതിയുമായി എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സഹകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഗ്രാമവണ്ടി പദ്ധതിയുമായി സഹകരിച്ച് വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ? | (ബി) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.<br><br>ഈ പദ്ധതി വ്യാപകമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി സ.ഉ. (സാധാ) നം.704/2022/LSGD, തീയതി 22.03.2022 പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ഈ പദ്ധതി വ്യാപകമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ ഓഫീസറെയും മറ്റ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്.<br><br>ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച് വ്യാപകമായി പ്രചരണം നടത്തുകയും ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അടങ്ങിയ കൈപുസ്തകം തയ്യാറാക്കി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനപ്രതിനിധികൾക്കും എത്തിച്ച് നൽകുകയും പ്രചരണം നടത്തുകയും ചെയ്തതിന്റെ ഫലമായി ഇതുവരെ സംസ്ഥാനാടിസ്ഥാനത്തിൽ 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാം എന്നതും പരസ്യം പ്രദർശിപ്പിക്കാം എന്നതും പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പട്ടിക** അനുബന്ധം

| ക്രമ നം. | ജില്ല | യൂണിറ്റ് | പഞ്ചായത്ത് / ബ്ളോക്ക് | ഉദ്ഘാടന തീയതി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | പാറശ്ശാല | കൊല്ലയിൽ | 29.07.2022 |
| 2 | തിരുവനന്തപുരം | പാറശ്ശാല | കുന്നത്തുകാൽ | 01.12.2022 |
| 3 | തൃശ്ശൂർ | ഗുരുവായൂർ | എളവള്ളി | 19.08.2022 |
| 4 | കോഴിക്കോട് | കോഴിക്കോട് | ചാത്തമംഗലം | 03.09.2022 |
| 5 | കോട്ടയം | വൈക്കം | കടുത്തുരുത്തി | 06.10.2022 |
| 6 | കോട്ടയം | വൈക്കം | കടുത്തുരുത്തി | 25.11.2022 |
| 7 | മലപ്പുറം | നിലമ്പൂർ | എടവണ്ണ | 21.10.2022 |
| 8 | ആലപ്പുഴ | കായംകുളം | പത്തിയൂർ | 05.11.2022 |
| 9 | കൊല്ലം | കൊല്ലം | കൊല്ലം കോർപ്പറേഷൻ | 25.11.2022 |
| 10 | എറണാകുളം | നോർത്ത് പറവൂർ | ചേന്ദമംഗലം | 03.12.2022 |

സെക്ഷൻ ഓഫീസർ